നെയ്യാർ ഡാം ടൂറിസ്റ്റ് കേന്ദ്രം

362 [394] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലുമിനേഷനും പൂവാടികളുംകൊണ്ട് മനോഹരമായിരുന്ന നെയ്യാർ ഡാം ടൂറിസ്റ്റ് കേന്ദ്രം ഇന്ന് വെളിച്ചവും പൂക്കളും ഇല്ലാത്ത ഒരു കേന്ദ്രമായി മാറിയിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുത്തരവാദികൾ ആരെന്ന് വ്യക്തമാക്കാമോ;

(സി) അടിയന്തിരമായി അവിടം വൈദ്യുതികരിച്ച് ടൂറിസ്റ്റുകളെ ആകർഷിക്കത്തക്കവിധം മനോഹരമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

(ഡി) ഇതു എത്ര കാലത്തിനകം ചെയ്യാൻ കഴിയും?

ഉത്തരം

(എ) ചിലതിന്റെ അഭാവം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദീപാലങ്കാരങ്ങൾക്കുള്ള പഴയ വൈദ്യുത ലൈനുകൾ പൂർണ്ണമായി മാറേണ്ടതായിട്ടുണ്ട്. പരിപാലനസംരക്ഷണത്തിനു അനുവദിച്ചിട്ടുള്ള തുക ജോലിക്കാരുടെ ശമ്പളത്തിനും ഒഴിച്ചുകൂടാൻ പാടില്ലാത്ത പ്രവർത്തനങ്ങൾക്കും മാത്രമേ തികയുന്നുള്ളൂ. അതിനാൽ പ്രത്യേകിച്ച് ആരും ഉത്തരവാദികളല്ല.

(സി) അത്യാവശ്യമുള്ള അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 6 മാസത്തിനകം ചെയ്യാൻ കഴിയും.

വിഴിഞ്ഞം ഹാർബറിന്റെ പണി

363 [395] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം ഹാർബറിന്റെ പണി പുനഃരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ബി) 1986-87-ൽ അതിന്റെ പണിക്കുവേണ്ടി എത്ര രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ:

(സി) നാളിതുവരെ പ്രസ്തുത തുറമുഖത്തിന്റെ പണിക്ക് എത്ര രൂപ ചെലവായിട്ടുണ്ട്; അതിൽ കേന്ദ്രവിഹിതം എത്ര?

ഉത്തരം

(എ) വിഴിഞ്ഞം ഫിഷറീസ് ഹാർബറിന്റെ പണി പുനഃരാരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ സാമ്പത്തികവർഷം 100 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) 575.47 ലക്ഷംരൂപ ചെലവായിട്ടുണ്ട്. ഇതിൽ കേന്ദ്രവിഹിതമായി ലഭിച്ചത് 273 ലക്ഷം രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly